ചേളാരി ഗവൺമെന്റ് വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളിൽ 2.85 കോടി രൂപയുടെ പ്ലാൻ ഫണ്ട് വിനിയോഗിച്ച് കെട്ടിട നിർമ്മാണത്തിനായി കണ്ടെത്തിയ സ്ഥലം സ്കൂളിന്റെ കളിസ്ഥലത്തായതിനാൽ കളിസ്ഥലം ഒഴിവാക്കി കെട്ടിട നിർമ്മാണം നടത്തുന്നതുസംബന്ധിച്ച തർക്കം പരിഹരിക്കപ്പെട്ടിട്ടില്ല. ആയതിനാൽ നിർമ്മാണ പ്രവർത്തനങ്ങൾ പുനരാരംഭിച്ചിട്ടില്ല.

(ബി) കരാറുകാരനെ പ്രസ്തുത പ്രവൃത്തിയിൽനിന്ന് റിലീസ് ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ പുതിയ ടെണ്ടർ നടപടി കൈക്കൊള്ളുമോ; അറിയിക്കുമോ?

കരാറുകാരനെ റിലീസ് ചെയ്തിട്ടില്ല.

(സി) പ്രസ്തുത സ്കൂളിൽ കിഫ്ബി ഫണ്ടുപയോഗിച്ച് മൂന്ന് കോടി രൂപയുടെ പ്രവൃത്തിക്കുള്ള ടെണ്ടർ നടപടികൾ സ്വീകരിച്ചതിന്റെ നിലവിലെ അവസ്ഥ വ്യക്തമാക്കാമോ?

ചേളാരി ഗവൺമെന്റ് വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളിൽ മൂന്ന് കോടി രൂപയുടെ കിഫ്ബി ഫണ്ട് വിനിയോഗിച്ചുകൊണ്ടുള്ള പുതിയ കെട്ടിടം നിലവിലെ ചില കെട്ടിടങ്ങൾ പൊളിച്ചുമാറ്റി പ്രസ്തുത സ്ഥലത്താണ് നിർമ്മിക്കേണ്ടത്. കെട്ടിടങ്ങൾ പൊളിച്ചുമാറ്റി തടസ്സരഹിത ഭൂമി നിർവഹണ ഏജൻസിക്ക് സ്കൂൾ അധികൃതർ കൈമാറുന്നമുറയ്ക്ക് നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതാണ്.

മാനന്തവാടി നിയോജകമണ്ഡലത്തിലെ സ്കൂളുകളുടെ അടിസ്ഥാന സൗകര്യ വികസനം

150 (899) ശ്രീ. ഒ. ആർ. കേളു: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി ധനസഹായത്താൽ മാനന്തവാടി നിയോജകമണ്ഡലത്തിൽ അടിസ്ഥാന സൗകര്യ വികസനം നടത്തുന്ന സ്കൂളുകളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

കിഫ്ബി ധനസഹായത്താൽ മാനന്തവാടി നിയോജകമണ്ഡലത്തിൽ അടിസ്ഥാന സൗകര്യ വികസനം നടത്തുന്ന സ്കൂളുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു :

5 കോടി രൂപ കിഫ്ബി ഫണ്ടിലുൾപ്പെടുത്തി ഭരണാനുമതി ലഭിച്ച മാനന്തവാടി ജി.വി.എച്ച്.എസ്. സ്കൂളിന്റെ നിർമ്മാണം പൂർത്തിയാക്കി ഉദ്ഘാടനം നിർവ്വഹിച്ചു.

3 കോടിയിനത്തിൽ 5 സ്കൂളുകൾക്ക് തുക അനുവദിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

1. ജി.എം.എച്ച്.എസ്. വെള്ളമുണ്ട

2. ജി.എച്ച്.എസ്.എസ്. പനമരം

3. ജി.എച്ച്.എസ് .എസ്. കാട്ടിക്കുളം

4. ജി.എച്ച്.എസ് .എസ്. വാളാട്ട്

5. ജി.എച്ച്.എസ്.എസ് തലപ്പുഴ

1 കോടിയിനത്തിൽ 10 സ്കൂളുകൾക്ക് തുക അനുവദിച്ചിട്ടുണ്ട്.

1. ജി.എച്ച്.എസ്.എസ്. നീർവാരം

2. ജി.എച്ച്.എസ്.എസ്. ആറാട്ടുതറ

3. ജി.എച്ച്.എസ്.എസ്. കുഞ്ഞോം

4. ജി.എച്ച്.എസ്.എസ്. തരുവണ

5. ജി.എച്ച്.എസ്.എസ്. തൃശ്ശിലേരി

6. ജി.എച്ച്.എസ്. പെരിയ

7. ജി.എച്ച്.എസ്. വാരാമ്പറ്റ

8. ജി.യു.പി.എസ്. തരുവണ

9. ജി.യു.പി.എസ്. മാനന്തവാടി

10. ജി.യു.പി.എസ്. തലപ്പുഴ.

ജി.എം.എച്ച്.എസ്. വെള്ളമുണ്ട, ജി.എച്ച്.എസ്.എസ്. കാട്ടിക്കുളം എന്നീ സ്കൂളുകളുടെ പ്രവൃത്തികൾ ആരംഭിച്ചിട്ടുണ്ട്. ജി.എച്ച്.എസ്. പനമരം സ്കൂളിന്റെ പ്രവർത്തനം ആരംഭഘട്ടത്തിലാണ്.

(ബി) കിഫ്ബി ധനസഹായം അനുവദിച്ചിട്ടും പ്രവൃത്തി ആരംഭിക്കാൻ കഴിയാത്ത സ്കൂളുകൾ ഉണ്ടെങ്കിൽ അവയുടെ കാരണം വ്യക്തമാക്കാമോ?

ജി.യു.പി.എസ്. വാരാമ്പറ്റ-ടെണ്ടർ ചെയ്ത് നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്ന ഘട്ടത്തിലാണ്. ജി.യു.പി.എസ്. തലപ്പുഴ ടെണ്ടർ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(സി) മാനന്തവാടി നിയോജക മണ്ഡലത്തിലെ വാളാട് ഗവ:ഹയർ സെക്കണ്ടറി സ്കൂൾ, തലപ്പുഴ ഗവ:ഹയർ സെക്കണ്ടറി സ്കൂൾ എന്നിവയിൽ കിഫ്ബിയിൽനിന്നും അനുവദിച്ച തുക ഉപയോഗിച്ചുള്ള അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾ ആരംഭിച്ചോ; ഇല്ലെങ്കിൽ നിലവിലെ സ്ഥിതി അറിയിക്കാമോ?

ഇല്ല. ജി.എച്ച്.എസ്.എസ്. വാളാട്, ജി.എച്ച്.എസ്.എസ്. തലപ്പുഴ എന്നീ സ്കൂളുകളുടെ DPR കിഫ്ബിയുടെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്.

കിഫ്ബി ഫണ്ടുപയോഗിച്ചുള്ള നവീകരണ പ്രവർത്തനം

151 (900) ശ്രീ. മോൻസ് ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാഭ്യാസ നവീകരണത്തിന്റെ ഭാഗമായി കടുത്തുരുത്തി നിയോജക മണ്ഡലത്തിലെ പെരുവ ഗവ. സ്കൂൾ കിഫ്ബി ഫണ്ട് ഉപയോഗിച്ച് നവീകരിച്ചുവെങ്കിലും ഇനിയും പൂർത്തിയാകാത്ത സാഹചര്യം വ്യക്തമാക്കാമോ;

(ബി) പ്രസ്തുത സ്കൂളിന്റെ നിർമ്മാണം പൂർത്തീകരിക്കുവാൻ ആദ്യം എം.എൽ.എ. ആസ്തി വികസന ഫണ്ടിൽനിന്ന് ഒരു കോടി എഴുപത്തിയഞ്ച് ലക്ഷം രൂപ നൽകിയശേഷം രണ്ടാമത് എം.എൽ.എ. എ.ഡി.എഫ്.-ൽ നിന്ന് ഒരു കോടി രൂപ കൂടി നൽകിയതിന്റെ ഭാഗമായുള്ള ഡീറ്റെയിൽഡ് പ്രൊപ്പോസൽ തയ്യാറാക്കി കിഫ്ബി അംഗീകാരം വാങ്ങിയിട്ടുണ്ടോ എന്നറിയിക്കാമോ?

(എ&ബി) പെരുവ ഗവൺമെന്റ് സ്കൂളിന് കിഫ്ബി ഫണ്ടിൽ അനുവദിച്ച 5 കോടി രൂപയുടെ കെട്ടിട നിർമ്മാണം പൂർത്തീകരിച്ചു. സ്കൂളിന്റെ മാസ്റ്റർപ്ലാൻ അനുസരിച്ച് 7.75 കോടി രൂപയുടെ നിർമ്മാണങ്ങളാണ് തീരുമാനിച്ചിരുന്നത്. കിഫ്ബി ഫണ്ടായ 5 കോടി രൂപയ്ക്കുപുറമെ എം.എൽ.എ. ആസ്തിവികസന ഫണ്ടിൽ നിന്നും 1.62 കോടി രൂപ അനുവദിച്ചതുകൂടി വിനിയോഗിച്ചു പ്രവൃത്തി നടന്നുവരുന്നു. പുതുക്കിയ എസ്റ്റിമേറ്റ് പ്രകാരം 88 ലക്ഷം രൂപ അധികമായി ആവശ്യമാണ്. പുതുക്കിയ എസ്റ്റിമേറ്റ് അനുമതിക്കായി എസ്.പി.വി. ആയ കൈറ്റ് നടപടി സ്വീകരിച്ചു വരുന്നു. പ്രസ്തുത 88 ലക്ഷം രൂപ ആസ്തിവികസന ഫണ്ടിൽ നിന്നും ലഭ്യമാക്കാനും എം.എൽ.എ. കോട്ടയം ജില്ലാ കളക്ടറോട് നിർദേശിച്ചിട്ടുണ്ട്. ആവശ്യമായ അനുമതിയോടുകൂടി പുതുക്കിയ എസ്റ്റിമേറ്റ് പ്രകാരം പ്രസ്തുത ഫണ്ട് വിനിയോഗിക്കാനാവുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly